പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4187

24.10.2016-ൽ മറുപടിയ്ക്ക്.

## ട്രാഫിക് പോലീസ് സംവിധാനം വിപുലീകരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ട്രാഫിക് പോലീസ് സംവിധാനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഗതാഗത നിയന്ത്രണവുമായി ബന്ധപ്പെട്ട് പോലീസ് ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ? | ട്രാഫിക് പോലീസ് സംവിധാനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് ഇപ്പോൾ തന്നെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ട്രാഫിക് കേസുകളുടെ എണ്ണം കൂടുതലുള്ള ട്രാഫിക് പോലീസ് സ്റ്റേഷനുകളെ വിഭജിച്ച് പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുകയും , ട്രാഫിക് പോലീസ് സ്റ്റേഷൻ ആവശ്യമായ സ്ഥലങ്ങളിൽ പുതിയതായി ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാഹനയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പോലീസ് വകുപ്പ് ഹ്രസ്വകാലാടിസ്ഥാനത്തിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. അപകടകരമായ രീതിയിൽ അശ്രദ്ധമായും, അമിത വേഗത്തിലും വാഹനം ഓടിക്കുന്നവർക്കെതിരെ പോലീസ് ഡിപ്പാർട്ട്മെന്റ് കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേയ്ക്കായി ഡിപ്പാർട്ടുമെന്റിൽ ലഭ്യമായിട്ടുള്ള ബ്രീത്ത് അനലൈസർ, ആൽക്കോമീറ്ററുകൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ തുടങ്ങിയ അത്യാധുനിക ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ച് വാഹന പരിശോധന കാര്യക്ഷമമായി നടത്തി റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |

വരുന്നു. റോഡ് നിയമങ്ങൾ പാലിക്കാതെ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി അവരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്.

കേരളത്തിലെ റോഡുകളിൽ വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനും, അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനുമായി വിപുലമായ ബോധവൽക്കരണം ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ പോലീസ് വകുപ്പിൽ "ശുഭയാത്ര" എന്ന പദ്ധതിക്കു രൂപം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ